5
ജൂലൈ
2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 003

## കോളേജുകളിലും ഹോസ്റ്റലുകളിലും വിവിധ സേവനങ്ങൾ കുടുംബശ്രീ വഴി



കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലും ഹോസ്റ്റലുകളിലും ക്ളീനിങ്ങ്, കുക്കിങ്ങ്, സാനിട്ടേഷൻ, ഹൗസ് കീപ്പിങ്ങ്, സെക്യൂരിറ്റി തുടങ്ങിയ വിഭാഗങ്ങളിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതു വരെ കുടുംബശ്രീ യൂണിറ്റുകളുടെ താത്ക്കാലിക സേവനം പ്രയോജനപ്പെടുത്താൻ സർക്കാർ തീരുമാനിച്ചു. ഈ വിഭാഗങ്ങളിലെ സുഗമമായ പ്രവർത്തനങ്ങൾക്ക് മതിയായ ജീവനക്കാരില്ലാത്ത സാഹചര്യത്തിൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ പരിഗണിച്ചാണ് പുതിയ തീരുമാനം. ഇതു പ്രകാരം അർഹരായ കുടുംബശ്രീ യൂണിറ്റുകളുടെ താത്ക്കാലിക സേവനം പ്രയോജനപ്പെടുത്തുവാൻ അതാത് ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാരുമായി ധാരണാ പത്രം ഒപ്പു വയ്ക്കാൻ കോളേജ് പ്രിൻസിപ്പൽമാർക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

**ധാരണാപത്രം ഒപ്പുവയ്ക്കാൻ കോളേജ് പ്രിൻസിപ്പൽമാർക്ക് അനുമതി നൽകി സർക്കാർ ഉത്തരവ്**

സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ കാന്റീൻ, കേറ്ററിങ്ങ്, ഹൗസ്കീപ്പിങ്ങ് മേഖലയിൽ നിരവധി സൂക്ഷ്മ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ തീരുമാന പ്രകാരം സംസ്ഥാനത്തെ കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജുകളിലും ഹോസ്റ്റലുകളിലും വിവിധ സേവനങ്ങൾ നൽകാനുള്ള അവസരം കുടുംബശ്രീ വനിതകൾക്ക് ലഭിക്കും. ഇതിലൂടെ അയൽക്കൂട്ട വനിതകൾക്ക് മെച്ചപ്പെട്ട വരുമാന മാർഗം ഉറപ്പാക്കാനും കഴിയുന്നു. ഇതനുസരിച്ച് സംസ്ഥാനത്തൊട്ടാകെ ഇതുവരെ 54 വനിതകൾ വിവിധ സേവന മേഖലകളിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലും ഹോസ്റ്റലുകളിലും അധ്യാപകേതര ഒഴിവുകൾ നിരവധി നികത്താതെ കിടക്കുന്നുണ്ടെന്നും അത് ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും തിരിച്ചറിഞ്ഞതോടെയാണ് കോളേജ് വിദ്യാഭ്യാസ വകുപ്പ് കുടുംബശ്രീ വനിതകളുടെ സേവനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചത്. ധാരണാപത്രം ഒപ്പുവയ്ക്കുന്നതോടെ ഓരോ കോളേജുകളിലെയും ആവശ്യങ്ങൾക്ക് അനുസരിച്ച് ജില്ലയിലുള്ള വിവിധ യൂണിറ്റുകളെ ചുമതലയേൽപ്പിക്കുകയാണ് ജില്ലാ മിഷൻ ചെയ്യുക. ഇവർക്ക് പ്രത്യേക യൂണിഫോമും തിരിച്ചറിയൽ കാർഡും നൽകും. സിഡിഎസുകളും ചുമതലപ്പെട്ട അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർമാർ വഴിയും ഇവരുടെ പ്രവർത്തന മികവ് നിരന്തരം പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യും. ഓരോ യൂണിറ്റുകൾക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകേണ്ട ചുമതല കോളേജ് അധികൃതർക്കാണ്. ക്ലീനിങ് സേവന മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ട ഉപകരണങ്ങളും മറ്റും വാങ്ങി നൽകേണ്ടതും കോളേജുകളാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ ക്ലീനിങ് സ്റ്റാഫ്, സാനിറ്റേഷൻ ജോലിക്കാർ, സ്വീപ്പർ, നൈറ്റ് വാച്ച്മാൻ, കുക്ക്, ഹൗസ് കീപ്പിങ്, ലാബ് അറ്റൻഡർ, സെക്യൂരിറ്റി എന്നിങ്ങനെയുള്ള സേവന മേഖലകളിലാണ് ഇതുവരെ കുടുംബശ്രീ വനിതകൾ പ്രവർത്തനം ആരംഭിച്ചത്. തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് മോഡൽ ഹോസ്റ്റൽ, ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ് കൊല്ലം ജില്ലയിലെ കൊല്ലം ഗവൺമെന്റ് കോളേജ്, ബിജെഎം ഗവൺമെന്റ് കോളേജ് കോട്ടയത്തെ ഗവൺമെന്റ് പോളി ടെക്നിക്ക് ഇടുക്കി ജില്ലയിലെ കട്ടപ്പനയിലുള്ള ഗവൺമെന്റ് കോളേജ് എറണാകുളം ജില്ലയിലെ മഹാരാജാസ്, ലോ കോളേജുകൾ, തൃശ്ശൂരിലെ ചാലക്കുടി പിഎംജിസി, മലപ്പുറത്തെ തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മങ്കട ആർട്ട്സ് ആൻഡ് സയൻസ് കോളേജ്, വയനാട്ടിലെ മാനന്തവാടി ഗവൺമെന്റ് കോളേജ്, കാസർകോട് ജില്ലയിലെ ഇകെ നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് എന്നിവിടങ്ങളിലാണ് ഇവർ സേവനം അനുഷ്ഠിക്കുന്നത്.

## കൊല്ലത്ത് ആർഒ പ്ലാന്റ് പ്രവർത്തനമാരംഭിച്ചു




കൊല്ലം കോർപ്പറേഷനിൽ കുടുംബശ്രീ ആർഒ (റിവേഴ്സ് ഓസ്മോസിസ്) പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു. കൊല്ലം കോർപ്പറേഷനും കുടുംബശ്രീയും സംയുക്തമായി ആരംഭിച്ച സംരംഭത്തിന്റെ ഉദ്ഘാടനം ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സികുട്ടിയമ്മ നിർവഹിച്ചു. കൊല്ലം ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അഞ്ച് കുടുംബശ്രീ വനിതകൾ ചേർന്ന 'മിത്ര' എന്ന സംഘത്തിനാണ് പ്ലാന്റിന്റെ നടത്തിപ്പ് ചുമതല. വേണാട് പ്യൂരിഫൈഡ് കുടിവെള്ളം എന്ന പേരിലാകും വിപണിയിൽ കുടിവെള്ളമെത്തിക്കുക. കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള കുടിവെള്ളം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്ലാന്റ് വഴി 20 ലിറ്റർ ശുദ്ധജലം വെറും 25 രൂപയ്ക്ക് ലഭ്യമാകും. കൊല്ലം നഗരത്തിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ ഈ സംരംഭത്തിന് കഴിയുമെന്ന് മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് കുടുംബശ്രീ ആരംഭിക്കുന്ന ആറാമത് ആർഒ പ്ലാന്റാണ് കൊല്ലത്തേത്. 25.5 ലക്ഷം രൂപ പ്ലാന്റിനായി ചെലവായി. 20 ലിറ്ററിന്റെ കാനിനും ഡിസ്പെൻസറിനും 300 രൂപ മുൻകൂറായി അടച്ച് രജിസ്റ്റർ ചെയ്യണം. കാൻ മാത്രം ലഭിക്കാൻ 180 രൂപയാണ് നൽകേണ്ടത്.

കേരളത്തിൽ കുടുംബശ്രീ വഴി നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായാണ് കുടുംബശ്രീ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ ആരംഭിക്കുന്നത്. കോഴിക്കോട് പഴയ കോർപ്പറേഷൻ ഓഫീസ്, മലപ്പുറം കോർപ്പറേഷൻ, കാസർകോട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഓരോന്നും എറണാകുളത്ത് രണ്ടും വീതം ആർഒ പ്ലാന്റുകൾ ഇപ്പോൾ കുടുംബശ്രീ വനിതകൾ വിജയകരമായി നടത്തി വരുന്നു.

ചടങ്ങിൽ മേയർ അഡ്വ. വി. രാജേന്ദ്ര ബാബു അധ്യക്ഷനായി. എം. നൗഷാദ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി മേയർ വിജയ ഫ്രാൻസിസ്, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ എം.എ. സത്താർ, ആനേപ്പിൽ ഡി. സുജിത്ത്, ചിന്ത എൽ. സജിത്ത്, വി.എസ്. പ്രിയദർശൻ, ഷീബ ആന്റണി, ടി.ആർ. സന്തോഷ് കുമാർ, എസ്. ഗീതാകുമാരി, മറ്റ് കൗൺസിലർമാർ, കോർപ്പറേഷൻ സെക്രട്ടറി വി.ആർ. രാജു, അഡീഷണൽ സെക്രട്ടറി ആർ.എസ്. അനു, കുടുംബശ്രീ സിഡിഎസ് ജില്ലാ പ്രസിഡന്റ് ബീമ എന്നിവർ പങ്കെടുത്തു.

## സോക്കർശ്രീയിലൂടെ ലോകകപ്പ് ആവേശത്തിൽ കുടുംബശ്രീ വനിതകളും

ലോകകപ്പ് ഫുട്ബോൾ ആവേശം കുടുംബശ്രീ വനിതകളിലേക്കെത്തിച്ച് കണ്ണൂരിൽ സോക്കർശ്രീ ക്വിസ് നടത്തി. വായനാവാരാചരണത്തോട് അനുബന്ധിച്ച് ജൂൺ 22നാണ് ലോകകപ്പ് ഫുട്ബോൾ പ്രധാന വിഷയമായി സോക്കർ ശ്രീ ക്വിസ് പ്രോഗ്രാം കണ്ണൂർ കുടുംബശ്രീ മിഷൻ സംഘടിപ്പിച്ചത്. റഷ്യയിൽ ലോകകപ്പ് ഫുട്ബോൾ ടൂർണമെന്റ് നടക്കുന്ന വേളയിൽ സ്ത്രീകളിലെ കായിക, വായനാ താത്പര്യം വർധിപ്പിക്കുന്നതിനായി നടത്തിയ സോക്കർ ശ്രീയുടെ ഉദ്ഘാടനം കണ്ണൂർ മേയർ ഇ.പി. ലത നിർവഹിച്ചു. പെരളശ്ശേരി സിഡിഎസിൽ നിന്നുള്ള കെ. ജിഷയും സുമംഗലയും ചേർന്ന ടീം മത്സരത്തിൽ വിജയികളായി. മട്ടന്നൂർ സിഡിഎസിനെ പ്രതിനിധീകരിച്ചെത്തിയ ഒ. നിമിന, കെ. ഷിജിന ടീം രണ്ടാം സ്ഥാനവും കീഴാളൂർ സിഡിഎസ് അംഗങ്ങളായ ശാന്തകുമാരി- ഹരിത സഖ്യം മൂന്നാം സ്ഥാനവും സ്വന്തമാക്കി.




## മുറ്റത്തെ മുല്ലയ്ക്ക് പാലക്കാട് തുടക്കം

കൊള്ളപ്പലിശക്കാരിൽ നിന്നും പാവപ്പെട്ടവരെയും സാധാരണക്കാരെയും രക്ഷിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള ലഘു ഗ്രാമീണ വായ്പാ പദ്ധതിയായ മുറ്റത്തെ മുല്ലയ്ക്ക് പാലക്കാട് തുടക്കമായി. സഹകരണ സംഘങ്ങളും കുടുംബശ്രീയും സംയുക്തമായി ചേർന്ന് നടപ്പാക്കുന്ന ഈ സർക്കാർ പദ്ധതിയുടെ ഉദ്ഘാടനം ജൂൺ 26ന് സഹകരണ വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പാലക്കാട് നിർവഹിച്ചു. 24 മുതൽ 30 ശതമാനം വരെയുള്ള കഴുത്തറപ്പൻ പലിശ നിരക്ക് ഈടാക്കുന്നവരിൽ നിന്ന് വായ്പയെടുത്ത് നട്ടംതിരിയുന്ന സാധാരണക്കാർക്ക് ഈ പദ്ധതി ഏറെ ആശ്വാസമാകും. വായ്പ ആവശ്യമുള്ളവരുടെ വീട്ട് മുറ്റത്ത് തുക എത്തിച്ചു നൽകുന്നുവെന്നതാണ് പദ്ധതിയുടെ പ്രത്യേകത. പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാടാണ് പദ്ധതി നടപ്പാക്കുന്നത്.

സ്ത്രീകൾക്ക് ലഘുവായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്ന പദ്ധതിയാണിത്. തിരിച്ചടവ് ആഴ്ച തോറും നടത്താം. പദ്ധതി അനുസരിച്ച് 1000 മുതൽ 25000 രൂപവരെയാണ് വായ്പയായി നൽകുന്നത്. 12 ശതമാനമാണ് പലിശ, അതായത് 100 രൂപയ്ക്ക് 1 രൂപ പലിശ. ഒരു വർഷം കൊണ്ട് പണം ഗഡുക്കളായി തിരിച്ചടയ്ക്കണം. 1000 രൂപയാണ് വായ്പയെടുക്കുന്നതെങ്കിൽ ഒരു വർഷം കൊണ്ട് 1120 രൂപ തിരിച്ചടയ്ക്കണം. പത്ത് ആഴ്ചകൊണ്ട് തിരിച്ചടവ് നടത്താൻ കഴിയുന്ന വായ്പയും പദ്ധതി അനുസരിച്ച് ലഭ്യമാണ്. ബ്ലേഡ് പലിശയ്ക്കെടുത്തിരിക്കുന്ന ലോൺ ഒറ്റത്തവണയായി തിരിച്ചടയ്ക്കുന്നതിന് നിശ്ചിത തുകയും പദ്ധതി അനുസരിച്ച് വായ്പയായി നൽകും.

മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതും വിശ്വാസ യോഗ്യവുമായ മൂന്ന് കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് ഓരോ വാർഡിലും പദ്ധതി നടപ്പാക്കുന്നത്. വായ്പ നൽകാനുള്ള പണം കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്നത് പ്രദേശത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളാണ്. വായ്പ നൽകുന്നതിനായി ഓരോ കുടുംബശ്രീ യൂണിറ്റിനും ഒമ്പത് ശതമാനം പലിശ നിരക്കിൽ 10 ലക്ഷം രൂപ വരെയാണ് സഹകരണ സംഘങ്ങൾ നൽകുക. ലഘുവായ്പ ആവശ്യമുള്ളവരുടെ വീടുകളിലേക്ക് ചെന്ന് ആവശ്യമായ തുക നൽകുന്ന രീതിയാകും പിന്തുടരുക. ആഴ്ച തോറും വീടുകളിലെത്തി തിരിച്ചടവ് സ്വീകരിക്കുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ പേര് സൂചിപ്പിക്കുന്നത് പോലെ മുറ്റത്തെ മുല്ലപോലെ വീട്ട് മുറ്റത്ത് എത്തി വായ്പാ സേവനം പദ്ധതി വഴി നൽകും.



സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക, ജനങ്ങളെ കൂടുതലായി സാമ്പത്തിക ഉൾച്ചേർക്കലിലേക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളും മുറ്റത്തെ മുല്ല പദ്ധതിക്കുണ്ട്. ആദ്യഘട്ടത്തിൽ പാലക്കാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതി പിന്നീട് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കും.

സാധാരണക്കാരന്റെ ദുരവസ്ഥ തിരിച്ചറിഞ്ഞ് പരിഹാരം തേടി നവകേരളം സൃഷ്ടിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ വ്യക്തമാക്കി. കുടുംബശ്രീ യൂണിറ്റുകൾക്കുള്ള ആദ്യ ക്യാഷ് ക്രെഡിറ്റ് വിതരണവും ആദ്യ വ്യക്തിഗത വായ്പാ വിതരണവും എം.ബി. രാജേഷ് എംപി നിർവഹിച്ചു. എൻ. ഷംസുദ്ദീൻ എംഎൽഎ അധ്യക്ഷനായി. പി.കെ. ശശി എംഎൽഎ മുഖ്യാതിഥിയായി. സഹകരണ സംഘം രജിസ്ട്രാർ ഡോ. ഡി. സജിത്ത് ബാബു പദ്ധതി വിശദീകരണം നടത്തി. സഹകരണ സംഘം ജോയ്ന്റ് രജിസ്ട്രാർ എം.കെ. ബാബു, തെങ്കര പഞ്ചായത്ത് പ്രസിഡന്റ് കെ. സാവിത്രി, പഞ്ചായത്തംഗം സി. സലീന, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ പി. ഉദയൻ, മണ്ണാർക്കാട് റൂറൽ സർവീസ് സഹകരണ സംഘം സെക്രട്ടറി എം. പുരുഷോത്തമൻ തുടങ്ങിയവർ പങ്കെടുത്തു.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com